## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3218 — 24.06.2013-ൽ മറുപടിയ്ക്ക്.

**<u>മന്ത്രിസഭാ യോഗതീരുമാനങ്ങളുടെ ഉത്തരവ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ഡോ. ടി.എം. തോമസ് ഐസക് | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) | മന്ത്രിസഭാ യോഗ തീരുമാനങ്ങളുടെ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സമയ നിബന്ധന നിഷ്കർഷിച്ചിട്ടുണ്ടോ; തീരുമാനം സംബന്ധിച്ച ഉത്തരവ് എത്ര മണിക്കൂറുകൾക്കുള്ളിൽ പുറപ്പെടുവിക്കേണ്ടതായിട്ടുണ്ട്; വിശദമാക്കുമോ; | (എ) | മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ ബന്ധപ്പെട്ട വകുപ്പിൽ ലഭിച്ചതിനു ശേഷം 48 മണിക്കൂറിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. |
| (ബി) | നിഷ്ക്കർഷിക്കപ്പെട്ട സമയത്തിനകം മന്ത്രിസഭാ തീരുമാനം സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിന് വിഘാതം നിൽക്കുന്നവർക്കെതിരെ സ്വീകരിക്കുന്ന നടപടി എന്താണ്; വിശദമാക്കുമോ; ആർക്കെങ്കിലും എതിരെ നടപടി സ്വീകരിക്കേണ്ടതായി വന്നിട്ടുണ്ടോ; | (ബി) | ഉദ്യോഗസ്ഥരുടെ കൃത്യവിലോപത്തിന് അവർക്കെതിരെ സ്വീകരിക്കുന്ന നടപടികളാണ് ഇക്കാര്യത്തിലും സ്വീകരിക്കുക. ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിവിധ വകുപ്പുകളിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചാൽ മാത്രമേ വ്യക്തമാകുകയുള്ളൂ. |
| (സി) | മന്ത്രിസഭാ യോഗ തീരുമാനങ്ങൾ ചോർത്തുകയോ, തീരുമാനമനുസരിച്ചുള്ള ഉത്തരവ് പുറപ്പെടുവിക്കാതിരിക്കുകയോ ചെയ്ത കേസുകൾ ഈ സർക്കാരിന്റെ കാലത്തുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര കേസുകളിൽ എന്നും; അവ ഏതെല്ലാം തീരുമാനങ്ങളായിരുന്നു എന്നും വ്യക്തമാക്കുമോ? | (സി) | വിവിധ വകുപ്പുകളിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചാൽ മാത്രമേ ഇക്കാര്യം വ്യക്തമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ